# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 26

St MARY'S L.P.S
MOOZHOOR.

# ആമുഖം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാവുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

# ചരിത്രം

## സെന്റ്. മേരീസ് എൽ. പി. എസ് മുഴൂർ

അകലക്കുന്നം പഞ്ചായത്തിൽ മുഴൂർ എന്ന പ്രശാന്ത സുന്ദരമായ കൊച്ചു ഗ്രാമത്തിന്റെ തിലകക്കുറിയായി ഇവിടുത്തെ ബാലികാബാലന്മാരുടെ വിദ്യാകേന്ദ്രമായി പ്രശോഭിക്കുകയാണ് സെന്റ്. മേരീസ് എൽ. പി. സ്കൂൾ സമുദായിക ഐക്യവും മതസൗഹാർദവും സാംസ്കാരിക പാരമ്പര്യവും കൈമുതലായി ഈ പ്രദേശത്തുള്ള കുട്ടികളുടെ വിദ്യാഭ്യാസം സുഗമമാക്കുകയാണ് ഈ സ്കൂൾ. പള്ളിയോടു ചേർന്നൊരു പള്ളിക്കൂടം എന്ന ചാവറ പിതാവിന്റെ ആശയത്തോടനുബന്ധിച്ച് ദേവാലയനിർമാണത്തിനുശേഷം പള്ളിയോടു ചേർന്ന് ഒരു ചായ്പ്പ് നിർമ്മിച്ച് അതിൽ നിലത്തെഴുത്തു കളരി തുടങ്ങി. കണ്ണമ്പറമ്പിൽ ആശാനായിരുന്നു ഗുരു. 1923 ആഗസ്റ്റ് 5-ാം തിയതി ഈ നാടിന്റെ ചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു സുദിനമാണ്. കാരണം അന്നാണ് ഈ നാട്ടിൽ ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചത്.

റവ. ഫാ മാത്യു മണിയങ്ങാട്ടിന്റെ നേതൃ-
ത്വത്തിൽ കൊല്ലവർഷം 1098 കർക്കിടകം
21-ാം തീയതി ഔദ്യോഗികമായി സ്കൂൾ
ആരംഭിച്ചു. ശ്രീ. എം. റ്റി അബ്രാഹമായി-
രുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. 1973-ൽ
ഈ വിദ്യാലയത്തിന്റെ ഗോൾഡൻ ജൂബിലി-
യും 1998 ൽ പ്ലാറ്റിനം ജൂബിലിയും ആ-
ഘോഷിച്ചു. 2023-ൽ നൂറിലേക്ക് പ്രവേ-
ശിക്കുന്ന സ്കൂളിന്റെ ശതാബ്ദി ആഘോ-
ഷങ്ങൾക്ക് 2023 മാർച്ച് മാസത്തിൽ
തുടക്കം കുറിച്ചു. ഈ വിദ്യാലയത്തിന്റെ
ഇപ്പോഴത്തെ മാനേജർ ഫാ. മാത്യു കല്ല-
ട്ടിലും HM ശ്രീ. മാനുവൽ ജോർജ്ജുമാണ്.
ഈ വിദ്യാലയത്തിന്റെ വളർച്ചക്കുവേണ്ടി
അത്യധ്വാനം ചെയ്ത ബഹുമാന്യരായ മാനേ-
ജർമാരെയും നാട്ടുകാരെയും അധ്യാപക-
രെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ്. മേരീസ് എൽ. പി. എസ്
മൂഴൂർ

മേൽവിലാസം : മൂഴൂർ പി.ഒ
അകലക്കുന്നം
കോട്ടയം

സ്കൂൾ കോഡ് : 31318

വിദ്യാഭ്യാസ ഉപജില്ല : കൊഴുവനാൽ

വിദ്യാഭ്യാസ ജില്ല : പാല

റവന്യൂ ജില്ല : കോട്ടയം

ബി.ആർ.സി :

ഗ്രാമപഞ്ചായത്ത് : അകലക്കുന്നം

വാർഡ് : 12

ബ്ലോക്ക് പഞ്ചായത്ത് : പാമ്പാടി

ജില്ല : കോട്ടയം

താലൂക്ക് : കോട്ടയം

വില്ലേജ് :

ഇ-മെയിൽ : lpsmoozhoor@gmail.com

ഫോൺ :

# അക്കാദമിക ഭൗതിക നേട്ടങ്ങൾ- പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • നവീകരിച്ച ശിശു സൗഹൃദപരമായ കെട്ടിടം. | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഇല്ല. ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടാനുണ്ട്. |
| • കലാപഠനം, പ്രവൃത്തി പരിചയം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • വായനക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു. | • പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| പ്രത്യേക പരിഗണനയും പിന്തുണയും ആവശ്യമുള്ളവർക്ക് വ്യക്തിഗത സപ്പോർട്ട് | • കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • സർഗാത്മക വേദികൾ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു. |
| • പഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | |

# ലക്ഷ്യം

ഈ സ്കൂളിലേയ്ക്ക് കടന്നുവരുന്ന കുട്ടികൾ സമൂഹത്തിൽ ഉന്നതിയിലെത്തുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ബുദ്ധി-പരമായും ശാരീരികമായും മാനസികമായും സമഗ്ര വളർച്ച ലക്ഷ്യമാക്കി ഒറ്റക്കെട്ടായി പ്രവർത്തിക്കുക. സാമൂഹികമായ സേവനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുക.

അക്ഷരത്തെറ്റില്ലാതെ എഴുതുവാനും ചതുഷ്ക്രിയകൾ ചെയ്യുവാനും വായിക്കുവാനും പ്രാവീണ്യം നേടുക.

ദിനാചരണങ്ങൾ നടത്തുന്നതിലൂടെ കുട്ടികൾക്ക് ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ കഴിയുന്നു. സർഗാത്മക വാസനകളെ വികസിപ്പിക്കുവാനും കഴിയുന്നു.

ധാർമിക് മൂല്യങ്ങളെ അടിസ്ഥാനമാക്കി അറിവിനോടൊപ്പം മാനുഷിക മൂല്യങ്ങൾക്കും പ്രാധാന്യമേകി ക്രിയാത്മകമായി ചിന്തിച്ച് പ്രവർത്തിച്ച് കുട്ടികളിലൂടെ ഈ നാടിന്റെ പുരോഗതി ലക്ഷ്യമിടുന്നു. കലാവാസനയുള്ള കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കത്തക്ക വിധത്തിൽ പരിശീലനം.

# ലക്ഷ്യങ്ങൾ

ഭാഷാ വികസനം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ഭാഷാശേഷി വികസനത്തിനായി സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക

ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
* ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി

എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് കഥകൾ,
പുസ്തകങ്ങൾ സജ്ജീകരിക്കുക

പരിസര പഠനം

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക
* ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക
* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
* ആധുനിക സാങ്കേതികവിദ്യ, സാധ്യതകൾ ശാസ്ത്ര-പഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹ്യശാസ്ത്രം

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന-തിന് പ്രാപ്തരാക്കുക
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക

ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക,
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

* ഓരോ ക്ലാസിലും ലക്ഷ്യം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

ഐ സി ടി സാധ്യതകൾ

* വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗിക്കുക
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
* ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തി പരിചയാനുഭവങ്ങൾ ബന്ധിപ്പിക്കുക
* പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
* കലാഭിരുചി വളർത്തുക
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
* ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
* ആരോഗ്യ ശീലങ്ങൾ വളർത്തുക
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
* സ്കൂളിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# വാർഷിക കലണ്ടർ 2025 - 26

| മാസം | പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|---|
| ഏപ്രിൽ | SRG, പ്രമോഷൻ ലിസ്റ്റ് തയാറാക്കൽ | അധ്യാപകർ HM |
| മെയ് | SRG, അവധിക്കാല പരിശീലനം കുട്ടികളുടെ വീട് സന്ദർശനം | ,, |
| ജൂൺ | പ്രവേശനോത്സവം, PTA, SRG, പരിസ്ഥിതിദിനാചരണം, വായന വാരം, ക്ലബ് രൂപീകരണം, ചുമതല വിഭജനം, ലൈബ്രറി നിർമാണം, വായന, ചിത്രരചന തുടങ്ങിയ മത്സരങ്ങൾ. | അധ്യാപകർ, PTA HM |
| ജൂലൈ | SRG, [illegible] ഉദ്ഘാടനം, ചാന്ദ്രദിനാചരണം, മത്സരങ്ങൾ | ,, |
| ആഗസ്റ്റ് | സ്വാതന്ത്ര്യദിനാചരണം, ക്വിസ് മത്സരം, [illegible], PTA ഓണാഘോഷം | ,, |
| സെപ്റ്റംബർ | അധ്യാപകദിനാചരണം, ക്വിസ് [illegible] | അധ്യാപകർ HM |
| ഒക്ടോബർ | ഗാന്ധിജയന്തി ദിനാചരണം ദേശീയ അധ്യാപകദിനാചരണം, ക്വിസ്മത്സരം, പ്രസംഗമത്സരം | ,, |

| | | |
|---|---|---|
| നവംബർ | കേരളപ്പിറവി, ശിശുദിനാചരണം, പ്രസംഗമത്സരം, ക്വിസ് മത്സരം | ,, |
| ഡിസംബർ | ക്രിസ്മസ് ആഘോഷം, ക്രിസ്മസ് പരീക്ഷ, മൂല്യനിർണയം, CPTA | അധ്യാപകർ HM, PTA |
| ജനുവരി | CPTA, SRG, റിപ്പബ്ലിക് ദിനാചരണം, പഠനയാത്ര | ,, |
| ഫെബ്രുവരി | SRG, CPTA, മാതൃഭാഷാദിനാചരണം, പഠനപ്രവർത്തനങ്ങൾ | അധ്യാപകർ HM |
| മാർച്ച് | പഠനപ്രവർത്തനങ്ങൾ, വാർഷിക പരീക്ഷ, സ്കൂൾ വാർഷികാഘോഷം. | HM അധ്യാപകർ PTA |